REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 15-02-2026 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യ AI ഇംപാക്റ്റ് ഉച്ചകോടിയ്ക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും.**
- **മഹാശിവരാത്രി ദിനത്തിൽ രാജ്യത്തെ ശിവ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളും ചടങ്ങുകളും പുരോഗമിക്കുന്നു.**
- **ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവ് ആലിൻ ഷെറിന് ഉച്ചകഴിഞ്ഞ് ഔദ്യോഗിക ബഹുമതികളോടെ സംസ്ഥാനത്തിന്റെ യാത്രാമൊഴി.**
- **കേരളത്തിന്റെ വിവിധ ജില്ലകളിൽ അൾട്രാവയലറ്റ് വികിരണത്തിന്റെ തോത് അപകടകരമാംവിധം ഉയരുന്നു - മൂന്നിടങ്ങളിൽ ഓറഞ്ച് ജാഗ്രത.**
- **ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ-പാകിസ്ഥാൻ മത്സരം വൈകീട്ട് കൊളംബോയിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യ AI ഇംപാക്റ്റ് ഉച്ചകോടിയ്ക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. UN സെക്രട്ടറി ജനറൽ ഉൾപ്പെടെ നിരവധി അന്താരാഷ്ട്ര പ്രതിനിധികളും, 20 രാഷ്ട്ര നേതാക്കളും, 45 രാജ്യങ്ങളിലെ മന്ത്രിതല പ്രതിനിധി സംഘങ്ങളും ഉച്ചകോടിയിൽ പങ്കെടുക്കും. വ്യാഴാഴ്ച ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.

AI യുമായി ബന്ധപ്പെട്ട ഏഴ് പ്രമേയങ്ങൾ കേന്ദ്രീകരിച്ചാണ് ഉച്ചകോടി. ഇതോടനുബന്ധിച്ച പ്രദർശനം മറ്റെന്നാൾ തുടങ്ങും.

സ്റ്റാർട്ടപ്പ് കമ്പനികൾക്ക് പുറമെ ഫ്രാൻസ്, ജർമനി, ജപ്പാൻ, UK തുടങ്ങിയ വിദേശ രാജ്യങ്ങളുടെ സ്റ്റാളുകളുമുണ്ടാകും.

✪✪✪

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നാളെ ആരംഭിക്കുന്ന 'ഇന്ത്യ AI ഇംപാക്റ്റ് എക്സ്പോ 2026'- ൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം പങ്കെടുക്കും. ഗ്രാമീണ ഭരണ സംവിധാനം ശക്തിപ്പെടുത്താനും ഭരണ നിർവഹണത്തിലെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കാനും മന്ത്രാലയം വികസിപ്പിച്ച അത്യാധുനിക AI സാങ്കേതിക വിദ്യകൾ മേളയിൽ പ്രദർശിപ്പിക്കും.

ഗ്രാമസഭാ യോഗങ്ങളുടെ നടപടികൾ രേഖപ്പെടുത്താനും, സംഗ്രഹം തയ്യാറാക്കാനും ഒരുക്കിയ 'സഭാസാർ' ആസ്തികളുടെ ചിത്രങ്ങൾ പരിശോധിച്ച് ഗുണ നിലവാരവും ആധികാരികതയും ഉറപ്പാക്കുന്ന 'പ്രമാൺ', പഞ്ചായത്ത് ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും ഭരണപരമായ സേവനങ്ങളിൽ മാർഗനിർദേശം നൽകുന്ന 'ഇ-ഗ്രാം സാഥി' എന്നീ AI അധിഷ്ഠിത പ്ലാറ്റ്ഫോമുകൾ ഇതിൽ പ്രധാനമാണ്.

✪✪✪

മഹാശിവരാത്രി ദിനമായ ഇന്ന് രാജ്യത്തെയും, സംസ്ഥാനത്തെയും ശിവക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളും ചടങ്ങുകളും ആരംഭിച്ചു. ആലുവ മണപ്പുറം ശിവക്ഷേത്രത്തിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. വൈകിട്ട് മുതൽ പിതൃ കർമ്മങ്ങൾക്കായി മണപ്പുറത്തേക്ക് ആയിരങ്ങൾ ഒഴുകിയെത്തും. രാത്രിയോടെ ശിവരാത്രി ബലി തർപ്പണം ആരംഭിക്കും. പ്രമുഖ ശിവക്ഷേത്രങ്ങളിൽ ശിവരാത്രി ചടങ്ങുകൾ പുരോഗമിക്കുന്നു.

ആലുവ മഹാദേവ ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ച് കൊച്ചി മെട്രോ ഇന്നും നാളെയും പ്രത്യേക സർവീസ് നടത്തും. ഇന്ന് തൃപ്പൂണിത്തുറ ടെർമിനലിൽ നിന്ന് രാത്രി 11:30 വരെ സർവീസുണ്ടാകും. നാളെ ആലുവ മെട്രോ സ്റ്റേഷനിൽ നിന്ന് പുലർച്ചെ 4-ന് സർവീസ് ആരംഭിക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ജനങ്ങൾക്ക് ശിവരാത്രി ആശംസ നേർന്നു. ജനങ്ങൾക്കും രാജ്യ പുരോഗതിയ്ക്കും ശിവഭഗവാന്റെ അനുഗ്രഹത്തിന് പ്രാർഥിക്കുന്നതായി രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മഹാശിവരാത്രി പ്രമാണിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ആശംസ നേർന്നു. ഭഗവാന്റെ അനുഗ്രഹത്താൽ എല്ലാവർക്കും ക്ഷേമമുണ്ടാകട്ടെയെന്നും ഭാരതം ഐശ്വര്യത്തിന്റെ കൊടുമുടിയിൽ എത്തട്ടെയെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ ആശംസിച്ചു.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയും രാജ്യത്തെ ജനങ്ങൾക്ക് മഹാശിവരാത്രി ആശംസ നേർന്നു. ആദിദേവനായ ശിവന്റെ അനുഗ്രഹം എല്ലാവരിലും നിലനിൽക്കട്ടെയെന്നും, ജീവിതത്തിൽ സമൃദ്ധിയുടെയും പുരോഗതിയുടെയും, സന്തോഷത്തിന്റെയും വെളിച്ചം വ്യാപികട്ടെയെന്നും ഇരുവരും സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ശിവരാത്രി ആഘോഷത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ പ്രധാന ശിവക്ഷേത്രങ്ങളിലെല്ലാം രാവിലെ മുതൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ പുലർച്ചെ നടതുറന്നത് മുതൽ ഭക്തരുടെ വലിയ നിര ദൃശ്യമായിരുന്നു.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

(വോയ്സ് )

✪✪✪

മഹാശിവരാത്രി ദിനമായ ഇന്ന് കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എട്ട് ദിവസത്തെ ഉത്സവത്തിന് വൈകിട്ട് സമാപനമാകും. സമാപന സമ്മേളനം മേയർ O സദാശിവൻ ഉദ്ഘാടനം ചെയ്യും.

✪✪✪

തെരുവുനായ പ്രശ്ന പരിഹാരത്തിന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യന്റെ ഓഫീസിലെ ഉദ്യോഗസ്ഥ സംഘം തിരുവനന്തപുരത്ത് എത്തി. രാജ്യത്തെ മറ്റിടങ്ങളിലെ വിവിധ പദ്ധതികൾ കോർപറേഷന് യോജിച്ച രീതിയിൽ നടപ്പാക്കാൻ കൂടിയാലോചനകളും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മേയർ

V.V രാജേഷിന്റെ നേതൃത്വത്തിൽ കൗൺസിലർമാരുടെ ഡൽഹി സന്ദർശനത്തിന്റെ തുടർച്ചയായാണ് കേന്ദ്രസംഘമെത്തിയത്.

✪✪✪

ശബരിമലയിൽ യുവതീപ്രവേശം അനുവദിച്ച 2018 ലെ വിധിയ്ക്കെതിരായ പുനഃപരിശോധനാ ഹർജികൾ സുപ്രീം കോടതി നാളെ പരിഗണിച്ചേക്കും. ചീഫ്ജസ്റ്റിസ്, ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ചാണ് ഹർജി പരിഗണിക്കുക. കേസ് പുതിയ ബെഞ്ചിലേക്ക് മാറ്റുന്ന കാര്യത്തിലും തീരുമാനമുണ്ടായേക്കും.

✪✪✪

ശബരിമല യുവതീ പ്രവേശ വിഷയത്തിൽ ഒന്നാം പിണറായി ഗവൺമെന്റ് നിലപാടിൽ നിന്ന് പിന്മാറിയോ എന്ന് വ്യക്തമാക്കണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലം മാറ്റാൻ തയ്യാറല്ലെങ്കിൽ അത് തുറന്നു പറയണമെന്നും പ്രതിപക്ഷ നേതാവ് കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പമ്പയിലെ അയ്യപ്പസംഗമത്തിന്റെ കള്ളക്കണക്കുകളിൽ നിന്ന് ഗവൺമെന്റിന് ഒഴിഞ്ഞുമാറാൻ സാധിക്കില്ലെന്നും സതീശൻ പറഞ്ഞു.

✪✪✪

ശബരിമല യുവതീ പ്രവേശം അനുവദനീയമല്ലെന്ന ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ നിലപാടിലേക്ക് ഇടതുമുന്നണി തിരിച്ചുവരുമോ എന്ന് വ്യക്തമാക്കണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. കൊച്ചിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കേരളത്തിൽ 'വിഷൻ 2031 വികസനവും ജനാധിപത്യവും' അന്താരാഷ്ട്ര കോൺഫറൻസ് മുഖ്യമന്ത്രി പിണറായി വിജയൻ വൈകീട്ട് ഉദ്ഘാടനം ചെയ്യും. നിയമസഭയിലെ ശങ്കര നാരായണൻ തമ്പി ഹാളിൽ മന്ത്രി K രാജൻ അധ്യക്ഷനാകും.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന LDF-ന്റെ വികസന മുന്നേറ്റ ജാഥ ഇന്ന് സമാപിക്കും. ഇന്നലെ മലപ്പുറം ജില്ലയിലെ പര്യടനം പൂർത്തിയാക്കി ജാഥ പാലക്കാട്ടെത്തി. തരൂരിലാണ് സമാപനം.

കേരള കോൺഗ്രസ് M ചെയർമാൻ ജോസ് K മാണി നയിക്കുന്ന മധ്യമേഖല വികസന ജാഥ ഇന്നലെ കൊച്ചിയിൽ സമാപിച്ചു. CPI സംസ്ഥന സെക്രട്ടറി ബിനോയ് വിശ്വം നയിക്കുന്ന വികസന ജാഥയും ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.

✪✪✪

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ അൾട്രാവയലറ്റ് വികിരണത്തിന്റെ തോത് അപകടകരമാം വിധം ഉയരുന്നു. 24 മണിക്കൂറിലെ കണക്കനുസരിച്ച് ഇടുക്കി ജില്ലയിലെ മൂന്നാർ, ആലപ്പുഴയിലെ ചെങ്ങന്നൂർ, പത്തനംതിട്ടയിലെ കോന്നി എന്നിവിടങ്ങളിൽ ഏറ്റവും ഉയർന്ന യുവി ഇൻഡക്സ് രേഖപ്പെടുത്തി. മൂന്നിടങ്ങളിലും എട്ടാണ് UV ഇൻഡക്സ്. ഇതേതുടർന്ന് ഇവിടങ്ങളിൽ 'ഓറഞ്ച് അലർട്ട്' പ്രഖ്യാപിച്ചു.

തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് മെയ് 20 വരെ ജോലി സമയം പുനഃക്രമീകരിച്ച് ലേബർ കമ്മിഷണർ ഉത്തരവിറക്കിയിട്ടുണ്ട്.

✪✪✪

ICC പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. കൊളംബോയിലെ R പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകീട്ട് 7 നാണ് മത്സരം. രണ്ട് മത്സരങ്ങളിൽ നിന്ന് ഇരു ടീമുകളും 4 പോയിന്റുകൾ വീതം നേടിയിട്ടുണ്ട്.

ഇന്നത്തെ ആദ്യ മത്സരത്തിൽ മുംബൈയിൽ വിൻഡീസ് നേപ്പാളിനെ നേരിടുകയാണ്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ നേപ്പാൾ ഒ ഒരു പന്ത് മാത്രം ശേഷിക്കെ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 131 റൺസ് എന്ന നിലയിലാണ്.

ഉച്ചക്ക് ശേഷം മൂന്നിന് ചെന്നൈയിൽ US നമീബിയയുമായി ഏറ്റുമുട്ടും.

✪✪✪

സിഡ്നിയിൽ ട്വന്റി-20 വനിതാ ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:45-നാണ് മത്സരം. ഹർമൻപ്രീത് കൗർ നയിക്കുന്ന ഇന്ത്യൻ ടീം തികഞ്ഞ ആത്മവിശ്വാസത്തിലാണ് മൂന്ന് മത്സരങ്ങൾ അടങ്ങിയ പരമ്പരയിൽ കളിക്കാനൊരുങ്ങുന്നത്.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബോളിൽ ജംഷഡ്പൂർ ഇന്ന് മൊഹമ്മദൻ SC യെ നേരിടും. വൈകീട്ട് 5-ന് ജംഷഡ്പൂരിലാണ് മത്സരം.

മറ്റൊരു മത്സരത്തിൽ ബെംഗലൂരുവിൽ രാത്രി ഏഴരയ്ക്ക് ബെംഗലൂരു, സ്പോർട്ടിങ് ഡൽഹിയുമായി ഏറ്റുമുട്ടും.

✪✪✪

ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവായി ചരിത്രം കുറിച്ച പത്ത് മാസം പ്രായമായ ആലിൻ ഷെറിൻ എബ്രഹാമിന്റെ മൃതദേഹം ഔദ്യോഗിക ബഹുമതികളോടെ വൈകീട്ട് സംസ്കരിക്കും. മല്ലപ്പള്ളി ആശുപത്രിയിലെ പൊതുദർശനത്തിനുശേഷം മൃതദേഹം രാവിലെ നെടുങ്ങാടപ്പള്ളിയിലെ വീട്ടിലെത്തിച്ചു. ആലിൻ ഷെറിന് അന്തിമോപചാരം അർപ്പിക്കാൻ നിരവധി പേരാണ് ഇപ്പോൾ വീട്ടിൽ എത്തിക്കൊണ്ടിരിക്കുന്നത്.

ഉച്ചകഴിഞ്ഞ് നെടുങ്ങാടപ്പള്ളി സെന്റ് തോമസ് CSI പള്ളിയിലാണ് സംസ്കാരം.

കഴിഞ്ഞ ദിവസം കോട്ടയത്തെ വാഹനാപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച ആലിന്റെ അവയവങ്ങൾ ദാനം ചെയ്യാൻ മാതാപിതാക്കൾ തീരുമാനിക്കുകയായിരുന്നു. അഞ്ച് പേർക്ക് പുതുജീവിതമേകിയാണ്, കുഞ്ഞ് ആലിൻ ഷെറിൻ മടങ്ങുന്നത്.

✪✪✪

കൊല്ലം പരവൂർ പൊഴിക്കരയിൽ കടലിൽ കാണാതായ രണ്ട് വിദ്യാർത്ഥികളിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി. കരിക്കോട് TKDM സ്കൂൾ വിദ്യാർത്ഥി ബിബിൻ രാജിന്റെ മൃതദേഹമാണ് കണ്ടെത്തിയത്. അയത്തിൽ VHSS വിദ്യാർത്ഥി കണ്ണൻ രാജിനായി തിരച്ചിൽ തുടരുന്നു.

കടലും കായലും ചേരുന്ന ഭാഗം കാണാനെത്തിയ അഞ്ചംഗ സംഘത്തിലെ മൂന്ന് പേരാണ് ഇന്നലെ ഒഴുക്കിൽപ്പെട്ടത്. ഒരാളെ രക്ഷപ്പെടുത്തിയിരുന്നു.

✪✪✪

സംസ്ഥാന കാർഷിക വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വൈഗ കാർഷിക പ്രദർശന വിപണന മേളയുടെ ഏഴാം പതിപ്പ് നാളെ സമാപിക്കും. വേൾഡ് മാർക്കറ്റ് മൈതാനത്ത് വൈകീട്ട് സമാപന ചടങ്ങ് മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും.

✪✪✪

പുതിയ പൊലീസ് വാഹനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിൽ  ഫ്ളാഗ് ഓഫ് ചെയ്യും. സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ, ഉന്നത പൊലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

✪✪✪

സംസ്ഥാന ഗവണ്മെന്റ് പ്രഖ്യാപിച്ച നാല് സയൻസ് പാർക്കുകളിൽ കണ്ണൂരിൽ ആരംഭിക്കുന്ന പാർക്കിന് മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ വൈകിട്ട് തറക്കല്ലിടും. അഞ്ചരക്കണ്ടി ചെറിയ വളപ്പിൽ 25 ഏക്കറിൽ 275 കോടി രൂപ ചെലവിലാണ് സയൻസ് പാർക്ക് സ്ഥാപിക്കുന്നത്.

✪✪✪

മറയൂർ-മൂന്നാർ റോഡിലെ എട്ടാംമൈലിൽ വിനോദസഞ്ചാരികൾ സഞ്ചരിച്ച ബസിനും കാറിനും നേരെ കാട്ടുകൊമ്പൻ പടയപ്പയുടെ ആക്രമണമുണ്ടായി. ഇന്നലെ രാത്രിയായിരുന്നു സംഭവം. കൊമ്പൻ കാറിന്റെ  ചില്ലുകൾ അടിച്ചു തകർത്തു. കാറിലുണ്ടായിരുന്ന ഈരാറ്റുപേട്ട സ്വദേശികൾ പരിക്കേൽക്കാതെ അത്ഭുതകരമായി രക്ഷപ്പെട്ടു. പടയപ്പ മദപ്പാടിലായതിനാൽ മറയൂർ-മൂന്നാർ റോഡിലൂടെ യാത്ര ചെയ്യുന്നവർ ജാഗ്രത പാലിക്കണമെന്ന് വനംവകുപ്പ് അറിയിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്, ഫർദിസ്*
*News Reader: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*NRT : അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*